"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ്- തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-2025 വർഷത്തിലെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.6/2025/VIG തീയതി,തിരുവനന്തപുരം,20-08-2025

---

പരാമർശം:- തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ 17.06.2025-ലെ 160/2022/ഇസിആർ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-2025 വർഷത്തെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് രേഖപ്പെടുത്തുന്നു

2. അഴിമതി നിരോധന നിയമ പ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള ആറ് സ്പെഷ്യൽ കോടതികളിൽ ഒന്നാണ് തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ കോടതി. പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളാണ് ഈ കോടതിയുടെ അധികാര പരിധിയിൽപ്പെടുന്നത്.

3. 1988 ലെ അഴിമതി നിരോധന നിയമത്തിന്റെ 7 മുതൽ 15 വരെയുള്ള വകുപ്പുകളിൽ പറയും പ്രകാരമുള്ള കുറ്റകൃത്യങ്ങളും അതിനോടനുബന്ധിച്ച് വരുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളും അവയിൽ ഏതെങ്കിലും ഒന്നിനോടനുബന്ധിച്ചുള്ള കുറ്റകൃത്യങ്ങളും വിചാരണ ചെയ്യുവാൻ ഈ കോടതിക്കധികാരമുണ്ട്. ഇതിനുപുറമെ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1960- ലെ കേരള സിവിൽ സർവ്വീസസ്(വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം പ്രത്യേകം റഫർ ചെയ്യപ്പെടുന്ന കേസുകളും വിചാരണ ചെയ്യാൻ ഈ കോടതിക്ക് അധികാരം നൽകിയിട്ടുണ്ട്. റിപ്പോർട്ട് വർഷം ശ്രീ. അനിൽ ജി. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയായി പ്രവർത്തിച്ചു വന്നിരുന്നു.

4. റിപ്പോർട്ട് വർഷാരംഭത്തിൽ 253 കലണ്ടർ കേസുകളും 4 മിസെല്ലേനിയസ് കേസുകളും നിലവിലുണ്ടായിരുന്നു. ഇവയിൽ 51 കേസുകൾ തീർപ്പു കൽപ്പിക്കുകയുണ്ടായി. പുതുതായി 13 കലണ്ടർ കേസുകൾ ഫയൽ ചെയ്യപ്പെട്ടു. വർഷാവസാനം 219 കലണ്ടർ കേസുകൾ തീർപ്പു കൽപിക്കുന്നതിനായി ബാക്കിയുണ്ട്. റിപ്പോർട്ട് വർഷാരംഭത്തിൽ 261 പ്രഥമവിവര റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. പുതിയതായി 28 പ്രഥമവിവര റിപ്പോർട്ടുകൾ വിവിധ വിജിലൻസ് യൂണിറ്റുകളിൽ നിന്ന് സമർപ്പിക്കുകയുണ്ടായി. ഇവയിൽ 14 എണ്ണം കലണ്ടർ കേസുകളിലേയ്ക്ക് എടുക്കുകയും 23

എണ്ണം അവസാനിപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് വർഷാവസാനം 252 പ്രഥമവിവര റിപ്പോർട്ടുകൾ നിലവിലുണ്ട്.

5. ഈ കോടതിയുടെ പ്രവർത്തനത്തിനായി റിപ്പോർട്ട് വർഷത്തിൽ 1,21,14,365/-രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) ചെലവായി. കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ 37,424/-രൂപ (മുപ്പത്തിയേഴായിരത്തി നാന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) വരവുമുണ്ടായിട്ടുണ്ട്.

6. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നുവെന്ന് വിലയിരുത്തുന്നു.

7. അംഗീകരിച്ച ഭരണ റിപ്പോർട്ട് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഹയർ ഓഡിറ്റ് (എച്ച്എ. സെൽ)) കേരളം, തിരുവനന്തപുരം.

എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ.

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്, തിരുവനന്തപുരം.

ചെയർമാൻ, ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം).

പൊതുഭരണ (പി.എസ്) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

സംഭരണ ഫയൽ/ഓഫിസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Smitha. V. V
Date: 20-08-2025 16:51:30